ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# വംശീയതയിൽ അഭിരമിക്കുന്ന ചാണക വണ്ടുകൾ

عَنْ أَبِي هُرَيْرَةَ(ر)، عَنِ النَّبِيِّ صلى الله عليه وسلم قَالَ " لَيَنْتَهِيَنَّ أَقْوَامٌ يَفْتَخِرُونَ بِآبَائِهِمُ الَّذِينَ مَاتُوا إِنَّمَا هُمْ فَحْمُ جَهَنَّمَ أَوْ لَيَكُونَنَّ أَهْوَنَ عَلَى اللَّهِ مِنَ الْجُعَلِ الَّذِي يُدَهْدِهُ الْخِرَاءَ بِأَنْفِهِ إِنَّ اللَّهَ قَدْ أَذْهَبَ عَنْكُمْ عُبِّيَّةَ الْجَاهِلِيَّةِ وَفَخْرَها بالآباء إِنَّمَا هُوَ مُؤْمِنٌ تَقِيٌّ وَفَاجِرٌ شَقِيٌّ، النَّاسُ كُلُّهُمْ بَنُو آدَمَ وَآدَمُ خُلِقَ مِنْ تُرَابٍ ".(ابوداود، حسنه الألباني في صحيح سن الترمذى 3955).

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'തങ്ങളുടെ മരിച്ചുപോയ പിതാക്കളെ ചൊല്ലി അഭിമാനം പറയുന്ന ആളുകൾ അതിൽനിന്ന് വിരമിച്ചു കൊള്ളട്ടെ. തീർച്ചയായും അവർ നരകത്തിലെ കരിക്കട്ടയാണ്. അഥവാ തന്റെ മൂക്കു കൊണ്ട് വിസർജ്യം ഉരുട്ടിക്കൊണ്ടുപോകുന്ന ചാണക വണ്ടിനേക്കാൾ അല്ലാഹുവിങ്കൽ അവർ നിസ്സാരരാണ്. തീർച്ചയായും അല്ലാഹു, പ്രാഗ് ഇസ്‌ലാമിക കാലത്തെ ഔദ്ധത്യവും പിതാക്കന്മാരെ ചൊല്ലിയുള്ള അഭിമാനം കൊള്ളലും നിങ്ങളിൽനിന്ന് എടുത്തുകളഞ്ഞിരിക്കുന്നു. മനുഷ്യൻ ഒന്നുകിൽ ഭക്തനായ സത്യവിശ്വാസി, അല്ലെങ്കിൽ നിർഭാഗ്യവാനായ അധർമി. മനുഷ്യരെല്ലാം ആദമിന്റെ മക്കൾ, ആദമാകട്ടെ മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു' (അബൂദാവൂദ്)**

കുടുംബം, ഗോത്രം, വംശം, ദേശം, നിറം, രാജ്യം, പാരമ്പര്യം മുതലായവയുടെ പേരിൽ അഭിമാനം കൊള്ളുക എന്നത് ലോക സാധാരണമായി കണ്ടുവരുന്ന ദുഷ്പ്രവണതയാണ്. പാരമ്പര്യവാദത്തിന് രചനാത്മകവും നിഷേധാത്മകവുമായ വശങ്ങളുണ്ട്. ഇസ്‌ലാം രണ്ടു വശങ്ങളെയും വസ്തുനിഷ്ഠമായി വിലയിരുത്തി രചനാത്മക വശത്തെ പ്രോത്സാഹിപ്പിക്കുകയും നിഷേധാത്മക വശത്തെ തിരുത്തുകയും ചെയ്തിട്ടുണ്ട്. വംശീയതയുടെയും പാരമ്പര്യത്തിന്റെയും പേരിലുള്ള ദുരഭിമാനബോധത്തെ കടുത്ത ഭാഷയിൽ അപലപിക്കുന്ന ഒരു നബിവചനമാണ് മുകളിൽ.

'ലയൻതഹിയന്ന' (തീർച്ചയായും വിരമിക്കുക തന്നെ വേണം) എന്ന പ്രയോഗത്തോടെ വേറെയും ഹദീസുകൾ കാണാം. അവയിലെല്ലാം, സത്യവിശ്വാസികൾ ഒരിക്കലും ജീവിതശൈലിയായി സ്വീകരിക്കാൻ പാടില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് നബി (സ) താക്കീത് നൽകുന്നത്. മരിച്ച പിതാക്കളെയും പ്രപിതാക്കളെയും ചൊല്ലി അഭിമാനിക്കുന്നവർ അവരുടെ പാരമ്പര്യത്തിന്റെ തുടർച്ചക്കാരാണ് തങ്ങൾ എന്ന് അവകാശപ്പെടാനാണല്ലോ അങ്ങനെ ചെയ്യുന്നത്.

എന്നാൽ ഈ വിഷയത്തിൽ ഇസ്‌ലാമിന് മൗലികമായ നിലപാടുണ്ട്. 'അത് കഴിഞ്ഞുപോയ ഒരു സമുദായമാകുന്നു. അവർ പ്രവർത്തിച്ചതിന്റെ ഫലം അവർക്കാകുന്നു. നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലം നിങ്ങൾക്കും. അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതല്ല' (അൽ ബഖറ 141) എന്നതാണത്. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബിന്റെ സന്തതികൾ മുതലായവരുടെ മതകീയ പാരമ്പര്യമുള്ള പിൻമുറക്കാരാണ് തങ്ങൾ എന്ന യഹൂദ-ക്രൈസ്തവരുടെ അവകാശവാദത്തെ ഖണ്ഡിച്ചുകൊണ്ടാണ് മേൽ സൂക്തം അവതരിച്ചത്. സച്ചരിതരായ മുൻഗാമികളെ ആദർശപരമായി മാതൃകയാക്കാതെ അവരെ ചൊല്ലി അഭിമാനം കൊള്ളുന്നത് മൗഢ്യമാണെന്ന് പ്രഖ്യാപിക്കുകയാണ് ഖുർആൻ. 'നിങ്ങൾ നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മില്ലത്ത് പിൻപറ്റുക' (*ഹജ്ജ്* 78) എന്ന മക്കയിലെ ബഹുദൈവ വിശ്വാസികളോടുള്ള ഖുർആന്റെ ആഹ്വാനം നമ്മുടെ പാരമ്പര്യമുള്ള ഇബ്റാഹീമിനെ ആ അർഥത്തിൽ പിൻപറ്റാനുള്ള ആഹ്വാനമാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ വ്യക്തികളല്ല, ആദർശവും ആദർശനിഷ്ഠമായ നിലപാടുകളുമാണ് പ്രധാനം. മുൻഗാമികളുടെ നല്ല പാരമ്പര്യങ്ങളെ മാതൃകയാക്കാതെ വംശീയമായി മാത്രം ചിന്തിക്കുന്നവർ തങ്ങൾക്ക് ഇതര സമൂഹങ്ങൾക്കു മേൽ മേൽക്കൈ കിട്ടാൻ സാധാരണ സ്വീകരിച്ചുവരുന്ന രീതി, ഇതര സമൂഹങ്ങളെ കീഴാള വിഭാഗങ്ങളായി കണ്ട് തങ്ങളുടെ പോരായ്മകളുടെ ഭാരങ്ങൾ അവർക്കു മേൽ കെട്ടിയേൽപിച്ച് അതിന്റെ പീഡന -സുഖാലസ്യത്തിൽ മുഴുകുക എന്നതാണ്. ഇന്ത്യയിലെ വംശീയവാദികൾക്ക് തങ്ങൾ അല്ലാത്തവരുടെ മുന്നിൽ, എല്ലാ

വർക്കും ഹിതകരമായി കേൾക്കാനോ മനസ്സിലാക്കാനോ സ്വീകരിക്കാനോ പറ്റുന്ന ഒരു ആദർശം സമർപ്പിക്കാനില്ല. അതിന്റെ പേരിലുള്ള അധമബോധം സൃഷ്ടിച്ചുവിടുന്ന ആക്രോശങ്ങൾക്ക് വിധേയരാവേണ്ടിവരുന്നത് നിരപരാധികളായ മുസ്‌ലിംകൾ ഉൾപ്പെടെയുള്ള മറുപക്ഷങ്ങളാണ്.

ഇത്തരം പാരമ്പര്യാനുരാഗികളെ നബി (സ) ഉപമിക്കുന്നത് വിസർജ്യം മൂക്ക് കൊണ്ട് ഉന്തിക്കൊണ്ടുപോകുന്ന ചാണക വണ്ടുകളോടാണ്. ദുർഗന്ധവും സുഗന്ധവും തിരിച്ചറിയുക എന്നത് മനുഷ്യന്റെ പ്രാഥമിക ഇന്ദ്രിയാനുഭവമാണ്. അത് സാധ്യമാവുന്നതാവട്ടെ, നാസിക വഴിയും. അതേ മൂക്കു കൊണ്ടുതന്നെ ദുർഗന്ധമയമായ വിസർജ്യം ഉന്തിക്കൊണ്ട് പോകുന്നവർ എന്ന് മുൻഗാമികളെ ചൊല്ലി അഭിമാനിക്കുന്നവരെ ഉപമിച്ചതിലൂടെ അത്തരക്കാരുടെ അധമത്വത്തെയാണ് ധ്വനിപ്പിക്കുന്നത്. സത്യവിശ്വാസികളിൽ നിന്ന് ഒരിക്കലും ഇത്തരം ദുഷ്പ്രവണതകളുണ്ടാവരുതെന്ന താക്കീതും ഈ ഹദീസുലുണ്ട്. ജാഹിലിയ്യാ കാലത്തെ സകലമാന ഔദ്ധത്യ പ്രകടനങ്ങളും ഇസ്‌ലാമാശ്ലേഷത്തോടെ ഇല്ലാതായിത്തീരണം.

മനുഷ്യർ രണ്ടു വിഭാഗങ്ങൾ മാത്രമാണെന്നും വ്യക്തമാക്കുന്നു. ഭക്തരായ സത്യവിശ്വാസികൾ, നിർഭാഗ്യവാന്മാരായ അധർമികൾ. പ്രപഞ്ചത്തെയും ജീവിതത്തെയും കുറിച്ച കാഴ്ചപ്പാടും നിലപാടും വഴി രൂപപ്പെടുന്നതാണ് സത്യവിശ്വാസം. അതിനു വിരുദ്ധമായ നിലപാടും ചിലർക്കുണ്ടാവാം. അതും ഒരുതരം വിശ്വാസം തന്നെ. പക്ഷേ ഇസ്‌ലാമിക വീക്ഷണത്തിൽ സത്യവിശ്വാസത്തിലധിഷ്ഠിതമായ സൽക്കർമനിഷ്ഠയാണ് മനുഷ്യരെ ശ്രേഷ്ഠരാക്കുന്നത്. അല്ലാതെ മുൻഗാമികളുടെ വാലിൽ തൂങ്ങിയുള്ള അവകാശവാദങ്ങളല്ല.

മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ട ആദമിന്റെ മക്കളാണ് എല്ലാവരും എന്ന സാർവജനീന സത്യം ഓർമിപ്പിക്കുന്ന ഹദീസ്, വംശീയ മഹത്വം പുലമ്പുന്നവരുടെ ന്യായങ്ങളും നിർവീര്യമാക്കുന്നു. ദശാബ്ദങ്ങളായി പല നാടുകളിലും അന്യായമായി കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന ആബാലവൃദ്ധം മുസ്‌ലിംകളെ ചൊല്ലി ഒട്ടും അസ്വസ്ഥരാവാതിരുന്ന ചില വംശീയവാദികൾ, യുക്രെയ്നിൽ കൊല്ലപ്പെടുന്നവരുടെ വെളുത്ത നിറവും നീല കണ്ണുകളും ഉന്നത സാമ്പത്തിക നിലവാരവും എടുത്തു പറഞ്ഞ്, 'അവർ അഫ്ഗാനികളല്ല, ഇറാഖികളല്ല, കൊല്ലപ്പെടാനുള്ളവരല്ല' എന്ന് ലോകത്തോട് പരാതി പറയുമ്പോൾ, നബി (സ) പറഞ്ഞ വംശീയതയിൽ രമിച്ച് പുളയുന്ന ചാണക വണ്ടുകളെയാണ് ഓർമ വരിക. ●